# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. ജോസഫ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ 95**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയേയും സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും ഇടവകകളെയും 1961–ലെ ആദായനികുതി നിയമം വകുപ്പ് 10 ( 23 C ( v ) ) പ്രകാരം ആദായ നികുതിയിൽ നിന്നും പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതാണ്. സഭയ്ക്ക് ആദായ നികുതി വകുപ്പിൽ നിന്നും പാൻ, ടാൻ തുടങ്ങിയവയും ലഭ്യമായിട്ടുണ്ട്. നമ്മുടെ പല ഇടവകകളിലും പാൻ (പെർമനന്റ് അക്കൗണ്ട് നമ്പർ) ഹാജരാക്കണമെന്ന ബാങ്കുകളുടെ അറിയിപ്പ് വന്ന സാഹചര്യത്തിൽ, സഭാ കൗൺസിൽ കൂടി പ്രസ്തുത വിഷയം ചർച്ച ചെയ്തു. ആദായ നികുതി വ്യവസ്ഥകൾ പ്രകാരം താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

1. ഇടവകകൾക്കും, സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കും സഭയുടെ പാൻ(PAN), ടാൻ(TAN), ഡിൻ(DIN) എന്നിവ ഉപയോഗിക്കാവുന്നതാണ്.

2. സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വരാത്ത സ്ഥാപനങ്ങൾക്ക് അവരവരുടേതായ പാൻ, ടാൻ മുതലായവ ഉണ്ടായിരിക്കേണ്ടതും അവർ ആദായനികുതി വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കേണ്ടതുമാണ്.

3. കേരളത്തിനു വെളിയിലുള്ള എതെങ്കിലും ഇടവകകളോ സ്ഥാപനങ്ങളോ അതാത് സ്റ്റേറ്റ് നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിൽ അത്തരം ഇടവകകളും സ്ഥാപനങ്ങളും അവരുടേതായ പാൻ, ടാൻ തുടങ്ങിയവ ഉപയോഗിച്ച് ആദായനികുതി നിബന്ധനകൾ പൂർണ്ണമായും പാലിച്ചുകൊണ്ട് ഇടപാടുകൾ നിർവ്വഹിക്കേണ്ടതാണ്.

4. ദാതാവെന്ന നിലയിലോ, സ്വീകർത്താവ് എന്ന നിലയിലോ സഭയ്ക്ക് സേവന നികുതിയിൽ നിന്നും ഒഴിവുള്ളതാണ്.

5. സഭയുടെ ഇടവകകളോ സ്ഥാപനങ്ങളോ എതെങ്കിലും വിധത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കരാർ അടിസ്ഥാനത്തിൽ നടത്തുന്നപക്ഷം അത് `വാറ്റ് ' (VAT) നിയമത്തിന്റെ പരിധിയിൽ വരുന്നതാണെങ്കിൽ കരാറുകാരനു നൽകുന്ന തുകയിൽ നിന്നും ടി ഡി എസ് പിടിച്ച് സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്. അസ്സസ്സിങ് ഓഫീസറിൽ നിന്ന് ഫോം 20 എ / 20 ഇ ഹാജരാക്കുന്ന കരാറുകാരനിൽ നിന്നും `വാറ്റ് ' പ്രസ്തുത ഫോമിലെ നിബന്ധനകൾക്ക് വിധേയമായി പിടിക്കുന്നത് ഒഴിവാക്കാം. `വാറ്റ് ' നികുതിയായി പിടിക്കുന്ന തുക ബന്ധപ്പെട്ട സഭ / ഇടവക / സ്ഥാപനം അടുത്തമാസം 5–ാം തീയതിക്കകം അടയ്ക്കുകയും ഫോം 20 സി യിൽ നിർദ്ദിഷ്ട അസ്സസ്സിങ് ഓഫീസർ മുമ്പാകെ സ്റ്റേറ്റ്മെന്റ് നൽകുകയും വേണം.

6. കേന്ദ്ര ആദായനികുതി നിയമം, വകുപ്പ് 194 സി പ്രകാരം 75,000 രൂപയിലധികം നൽകേണ്ടി വരുന്ന കരാർ പണിക്ക് ടി ഡി എസ് പിടിയ്ക്കേണ്ടതാണ്. പ്രസ്തുത നികുതി അടുത്ത മാസം 7–ാം തീയതിക്കകം ആദായനികുതി വകുപ്പിലേക്ക് Challan No.ITNS 281 അനുസരിച്ചു സഭയുടെ TAN ഉപയോഗിച്ചു അടയ്ക്കുകയും, അന്നു തന്നെ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന ഫോമിൽ TDS സംബന്ധിച്ച വിശദവിവരങ്ങൾ സഭാ ആഫീസിലേക്ക് അറിയിക്കുകയും ചെയ്യേണ്ടതാണ്. സഭാ ആഫീസ് ഈ കണക്കുകൾ ഇ-റിട്ടേൺ ആയി ഫയൽ ചെയ്യുകയും, ബന്ധപ്പെട്ട കരാർ പണിക്കാരന് ഫോം 16 എ പ്രകാരം സർട്ടിഫിക്കേറ്റ് നൽകുന്നതുമാണ്. ഇടവകകൾക്കോ, സ്ഥാപനങ്ങൾക്കോ വേണ്ടി സഭ ചെയ്യുന്ന ഇത്തരം സേവനങ്ങൾക്കു വേണ്ടി വരുന്ന സാമ്പത്തിക ചെലവുകൾ ബന്ധപ്പെട്ട ഇടവക / സ്ഥാപനം വഹിക്കേണ്ടതാണ്.

(മറുപുറം)

7. ടി ഡി എസ് പിടിച്ചു കഴിഞ്ഞാൽ, ബന്ധപ്പെട്ട കരാർ പണിക്കാരന് ഫോറം 16 എ പ്രകാരം സർട്ടിഫിക്കേറ്റ് ലഭിക്കത്തക്കവണ്ണം മേൽപ്പറഞ്ഞ നടപടികൾ സ്വീകരിക്കുവാൻ ഇടവകയുടെയും, സ്ഥാപനത്തിന്റെയും ചുമതല വഹിക്കുന്ന പട്ടക്കാർക്കും, മറ്റു ചുമതലക്കാർക്കും ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതാണ്. സഭയുടെ പാൻ, ടാൻ, ഡിൻ എന്നിവ ഉപയോഗിച്ചുള്ള ഇത്തരം ഉത്തരവാദിത്തപ്പെട്ട നടപടികൾ പട്ടക്കാരും ചുമതലക്കാരും സൂഷ്മതയോടുകൂടെ ചെയ്യണം എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഇത്തരം സ്ഥാപനങ്ങളുടെയും ഇടവകകളുടെയും കണക്കുകൾ ഓഡിറ്റ് ചെയ്ത് സഭയുടെ കേന്ദ്ര ഓഫീസുവഴി ആദായ നികുതി വകുപ്പിനെ ബോധ്യപ്പെടുത്തേണ്ടതും അതാത് സ്ഥാപനങ്ങളുടെ / ഇടവകയുടെ കടമയാണെന്നും ഓർക്കേണ്ടതാണ്.

8. ആദായനികുതി നിയമം, വകുപ്പ് 276 ബി / ബി ബി പ്രകാരം, ഇടപാടുകാരിൽ നിന്നും ശേഖരിക്കുന്ന ടി ഡി എസ് നിശ്ചിത സമയത്തിനകം ആദായ നികുതി ഓഫീസിൽ അടയ്ക്കാത്ത വർക്ക് കുറഞ്ഞത് 3 മാസം മുതൽ പരമാവധി 7 വർഷം വരെ കഠിന തടവ് ലഭിക്കാവുന്നതാണ്. ആയതിനാൽ സഭയുടെ പാൻ, ടാൻ, ഡിൻ തുടങ്ങിയവ ഉപയോഗിച്ചുള്ള ഇടപാടുകളിൽ വരുന്ന കഷ്ടനഷ്ടങ്ങൾക്ക്, അതാത് ഇടവകകളും, സ്ഥാപനങ്ങളും മാത്രം ഉത്തരവാദികളായിരിക്കുന്നതാണ്.

9. സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വരുന്ന സ്ഥാപനങ്ങളോ ഇടവകകളോ സഭയുടെ പാൻ, ടാൻ തുടങ്ങിയവ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്ന പക്ഷം രേഖാമൂലം സഭാ സെക്രട്ടറിയെ അറിയിക്കേണ്ടതാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ / ഇടവകകളുടെ പേരു വിവരം കാണിക്കുന്ന രജിസ്റ്റർ സഭാ ഓഫീസിൽ സൂക്ഷിക്കുന്നതാണ്.

പ്രിയരെ, നാമെല്ലാവരും നമ്മുടെ രാജ്യത്തിന്റെ നിയമങ്ങൾക്ക് വിധേയപ്പെട്ടിരിക്കുന്നുവെന്ന ഓർമ്മയോടു കൂടി സഭയിലും സമൂഹത്തിലും നമ്മുടെ ഉത്തരവാദിത്തങ്ങൾ നിറവേറ്റുവാൻ ഇടയാകട്ടെ. നമ്മുടെ ഇടപാടുകൾ സുതാര്യവും, വിശ്വസ്തവും കർത്താവിനു സ്വീകാര്യവും ആയിരിക്കട്ടെ.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്നു് തിരുവല്ലാ പൂലാത്തീനിൽ നിന്നും 2010 നവംബർ 5-ാം തീയതി,

ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ

## അനുബന്ധം

## TDS പിടിക്കുന്ന ഇടവക / സ്ഥാപനം പൂരിപ്പിക്കേണ്ട ഫോം

| PAN of the deductee | Amount Paid | Tax deducted | Nature of payment | Section under which tax is deducted | Date of payment | Date of remittance of tax | Bank BSR Code | Challan serial No. |
|---|---|---|---|---|---|---|---|---|
| | | | | | | | | |

ഇത് സഭാ ആഫീസിലേക്ക് അയയ്ക്കേണ്ടതാണ്.